**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 141** **22-07-2021 - ൽ മറുപടിയ്ക്ക്**

**ഫോം മാറ്റിങ്ങ്സ് - ഇ. ആർ. പി സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഫോം മാറ്റിങ്ങ്സ് ഇന്ത്യ ലിമിറ്റഡിൽ ഇ. ആർ. പി സംവിധാനം നടപ്പാക്കുന്നത് പൂർണ്ണമായും പരാജയപ്പെട്ടതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എന്തൊക്കെ തിരുത്തൽ നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ? | (എ) | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പൊതുമേഖലാസ്ഥാപനങ്ങൾ കൃത്യമായി പാലിക്കുന്നതിൽ വീഴ്ചവരുത്തി എന്ന അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ, കയർ വികസന വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ നിന്നും വിശദീകരണം തേടിയിരുന്നു. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിൽ ഇ.ആർ.പി സംവിധാനം നടപ്പിലാക്കുന്നതിനായി ഒരു ഏജൻസിയ്ക്ക് ചുമതല നൽകിയിരുന്നു. എന്നാൽ കമ്പനിയ്ക്ക് ആവശ്യമായ രീതിയിൽ പദ്ധതി നടപ്പാക്കുന്നതിൽ ടി സ്ഥാപനത്തിന് സാധിക്കാതെ വന്ന സാഹചര്യത്തിൽ, ബന്ധപ്പെട്ടവർക്കെതിരെ കമ്പനി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ